പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1563 — 06.03.2020-ലെ മറുപടിക്ക്

## പാറശ്ശാല മണ്ഡലത്തിൽ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ എത്ര പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; അവ ഏതെല്ലാമെന്നും എത്ര തുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>പോലീസ് വകുപ്പിൽ നൽകിയ തുക<br>1. കരമന - കളിയിക്കാവിള റോഡിൽ ട്രാഫിക്ക് സിഗ്നൽ സ്ഥാപിക്കുന്നതിനു വേണ്ടി 08.09.2016-ൽ 63,81,145/- രൂപ.<br>2. പള്ളിപ്പുറം സി.ആർ.പി.എഫിൽ ട്രാഫിക്ക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി 23.09.2016-ൽ 12,11,680/- രൂപ.<br>3. പോത്തൻകോട്, വെമ്പായം, പഴകുറ്റി, നെടുമങ്ങാട് റോഡിൽ ട്രാഫിക്ക് സിഗ്നൽ സ്ഥാപിക്കുന്നതിനുവേണ്ടി 01.03.2017-ൽ 42,77,321/- രൂപ.<br>4. പൂജപ്പുര ജംഗ്ഷനിൽ സിഗ്നലുകൾ സ്ഥാപിക്കുന്നതിനും ബയോടെക്നോളജി ജംഗ്ഷനിൽ വാണിംഗ് ബ്ലിങ്കറുകൾ സ്ഥാപിക്കുന്നതിനും 13.04.2017-ൽ 13,92,087/- രൂപ.<br>5. പാറ്റൂർ ഐ ഹോസ്പ്പിറ്റൽ ജംഗ്ഷനിൽ Cautionary Signal System സ്ഥാപിക്കുന്നതിനായി 22.01.2019-ൽ 50,000/- രൂപ. |

| | | | |
|---|---|---|---|
| | | | <u>പൊതുമരാമത്ത് വകുപ്പിന് നൽകിയ തുക</u><br>കരമന പ്രാവച്ചമ്പലം റോഡ് അപകട വിമുക്തമാക്കുന്നതിന് വേണ്ടി 01.03.2017-ൽ 25,00,000/- രൂപ.<br><br><u>ആരോഗ്യ വകുപ്പിന് നൽകിയ തുക</u><br>29.08.2017-ൽ 38,88,051/- രൂപ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമകെയർ സ്ഥാപിക്കുന്നതിനുവേണ്ടി.<br><br><u>ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ</u><br>വട്ടപ്പാറ, ചിറ്റാഴ. അമ്പലനഗർ, പള്ളിവിള, കണക്കോട് എന്നിവടങ്ങളിൽ റോഡ് സേഫ്റ്റി ബാരിയേഴ്സ്, ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനായി 15.11.2018-ൽ 32,50,000/- രൂപ.<br>തിരുവനന്തപുരം സിറ്റി പോലീസിനു വേണ്ടി ട്രാഫിക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമായി 3,97,200/- രൂപ തിരുവനന്തപുരം ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന് കൈമാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) യും (സി) യും | പാറശ്ശാല നിയോജക മണ്ഡലത്തിൽ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളുടെ പ്രൊപ്പോസലുകൾ ഒന്നും സമർപ്പിച്ചിട്ടില്ല. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ മുഖേനയോ വകുപ്പ് അധ്യക്ഷന്മാർ മുഖേനയോ പദ്ധതി നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പാറശ്ശാല നിയോജക മണ്ഡലത്തിൽ നിന്നും പുതുതായി പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**